ICDS/B3/6263/2022

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
തീയതി : 07.06.2022
E-Mail:directorate.wcd.kerala.gov.in
Phone No. 0471 – 2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ ഐസിഡിഎസ് സൂപ്പർവൈസർമാർക്കും

മാഡം,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ സി ഡി എസ്- അങ്കണവാടികളുടെ ശുചിത്വം-**ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം- പരിശോധന സ്പെഷ്യൽ ഡ്രൈവ്** സംഘടിപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന:- കോവിഡ് പശ്ചാത്തലത്തിൽ അങ്കണവാടി തുറന്നു പ്രവർത്തിക്കുന്നതിന് 12/2/2022 ൽ പുറപ്പെടുവിച്ച മാർഗ്ഗരേഖ

കോവിഡ് പശ്ചാത്തലത്തിൽ അങ്കണവാടികൾ അടഞ്ഞുകിടക്കുകയും തുടർന്ന് കുട്ടികളെ പ്രവേശിപ്പിക്കാതെ അങ്കണവാടികൾ പ്രവർത്തനം തുടരുകയും ചെയ്തിരുന്നു. കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് സൂചന പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയതിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനു മുൻപ് അങ്കണവാടി സജ്ജമാക്കൽ, പരിസരം, പാചകപ്പുര, വാട്ടർ ടാങ്ക്, , ശുചിമുറി എന്നിവയുടെ വൃത്തിയാക്കൽ, പരിസര ശുചിത്വവും വ്യക്തി ശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ എല്ലാ പ്രോജക്ട് തല/ അങ്കണവാടി തല ജീവനക്കാർക്കും നൽകിയിട്ടുണ്ട്. കൂടാതെ അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്തു നൽകുന്നതിന് ഉപയോഗിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കേടുപാട് കൂടാതെ ഭദ്രമായി സൂക്ഷിക്കുന്നതിനും, തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻന ൽകുന്നതിനും, ഭക്ഷണം പാകം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും ശുചിത്വം പാലിക്കുന്നതിനും, അങ്കണവാടി പ്രവർത്തകർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിരുന്നു. ടി നിർദ്ദേശങ്ങകൾ അങ്കണവാടി പ്രവർത്തകർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കൃത്യ ഇടവേളകളിൽ അങ്കണവാടി പരിശോധന നടത്തുന്നതിന് എല്ലാ ശിശുവികസന ഓഫീസർമാർക്കും, സൂപ്പർവൈസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കാല ശുചീകരണത്തിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനുള്ള ആവശ്യമായ

നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിൽ അശ്രദ്ധ, പോരായ്മകൾ എന്നിവ കാരണം ഭക്ഷ്യധാന്യങ്ങൾ കേടുവരുന്നതിനും ഉപയോഗയോഗ്യമല്ലാതെ നശിച്ചു പോകുന്നതിനും കാരണമാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

അങ്കണവാടികൾ പൂർണ്ണതോതിൽ പ്രവർത്തനം തുടങ്ങി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്തു നൽകുന്നത് ആരംഭിച്ചതിനാലും, നിലവിലെ മഴക്കാല പശ്ചാത്തലത്തിൽ അടിയന്തിര ശ്രദ്ധ ആവശ്യമായതിനാലും,അതത് **സൂപ്പർവൈസർമാർ 2022 ജൂൺ 8,9,10 എന്നീ തീയതികളിൽ** അവർക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ അങ്കണവാടികളിലും നേരിട്ടെത്തി ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക്, ഗുണമേന്മ (ധാന്യങ്ങൾ infested അല്ല എന്നു ഉറപ്പുവരുത്തിയും), കുടിവെള്ളത്തിന്റെ ശുദ്ധത, പരിസരം, പൊതുശുചിത്വം, പാചകത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ ശുദ്ധത, ധാന്യങ്ങൾ സൂക്ഷിക്കുന്ന പെട്ടി അടച്ചുറപ്പുള്ളതാണോ മുതലായവയും പരിശോധിക്കേണ്ടതും, കേടായ ഭക്ഷ്യധാന്യങ്ങൾ കുട്ടികൾക്ക് നൽകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും അടിയന്തിര പ്രാധാന്യം നൽകി നടപടി സ്വീകരിക്കേണ്ടതും വിവരം ബന്ധപ്പെട്ട സിഡിപിഒ യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ സി ഡി പി ഒ മാർ തങ്ങളുടെ പ്രൊജക്റ്റിനു കീഴിലുള്ള 10% അങ്കണവാടികളിലും പ്രോഗ്രാം ഓഫീസർമാർ 1% അങ്കണവാടികളിലും സന്ദർശനം നടത്തി മേൽ വിഷയങ്ങൾ ഉറപ്പുവരുത്തേണ്ടതും ജില്ലാതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**ഈ ഗുണമേന്മ പരിശോധന ഡ്രൈവ് കൃത്യമായി പാലിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.**

വിശ്വസ്തതയോടെ,

**വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി**

പകർപ്പ്: എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും